പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 7418 — 17/7/2012- ൽ മറുപടിയ്ക്ക്

## ആധുനിക അറവുശാലകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ : | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നഗരപ്രദേശങ്ങളിൽ ആധുനിക അറവുശാലകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 2012-13 സാമ്പത്തിക വർഷം എന്ത് തുക നീക്കി വച്ചിട്ടുണ്ട്; | (എ) 1500 ലക്ഷം രൂപ |
| (ബി) ഈ പദ്ധതിയിൻ പ്രകാരം 2012-13 സാമ്പത്തിക വർഷം ലക്ഷ്യമിടുന്ന ഭൗതിക നേട്ടങ്ങൾ എന്തൊക്കെയാണ്; | (ബി) ബഹു. കേരള ഹൈക്കോടതിയുടെ 12/8/09-ലെ ഉത്തരവ് അനുസരിച്ച് 21 നഗരസഭകളിൽ നവീന അറവുശാലകൾ സ്ഥാപിക്കുകയെന്നതാണ് ലക്ഷ്യമിടുന്ന ഭൗതിക നേട്ടം. |
| (സി) ഈ പദ്ധതി നടപ്പാക്കുന്നത് ഏതെല്ലാം നഗരസഭകളിലാണ്; പ്രസ്തുത നഗരസഭകൾക്ക് തുക കൈമാറിയോ ; | (സി) വിവരം ശേഖരിച്ച് വരുന്നു. |
| (ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ? | (ഡി) ആധുനിക അറവുശാലയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പ്രോജക്ട് പരിശോധിച്ച് സാങ്കേതികാനുമതി ശുചിത്വ മിഷൻ നൽകി വരുന്നു. സംസ്ഥാനത്ത് 18 നഗരസഭകൾക്ക് ആധുനിക അറവുശാല നിർമ്മാണത്തിനായി സാങ്കേതികാനുമതി ശുചിത്വ മിഷനിൽ നിന്നും നൽകിയിട്ടുണ്ട്. ആവശ്യമായ സാങ്കേതിക സഹായവും ആവശ്യപ്പെടുന്ന നഗരസഭകൾക്ക് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

8